# പതിമൂന്നാം കേരളനിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 660** — **30/07/2015-ൽ മറുപടിക്ക്**

## ഇൻഫോപാർക്കും സൈബർ പാർക്കും

**ചോദ്യം**

ശ്രീ. റ്റി. എ. അഹമ്മദ് കബീർ
" സി. മോയിൻകുട്ടി
" പി. ഉബൈദുള്ള
" കെ. മുഹമ്മദുണ്ണി ഹാജി

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവ ഐ.റ്റി. വികസന രംഗത്ത് വഹിക്കുന്ന പങ്ക് എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ പ്രധാന നഗരങ്ങൾ കേന്ദ്രമാക്കി Hub & Spoke മാതൃകയിൽ പാർക്കുകൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ ഐ.ടി. പോളിസിയിൽ ലക്ഷ്യം വയ്ക്കുന്നത്. കൊച്ചി ഇൻഫോപാർക്ക് Hub ആക്കിക്കൊണ്ട് ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും, തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലും Spoke പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് സൈബർപാർക്ക് Hub ആക്കിക്കൊണ്ട് കാസർകോട് ജില്ലയിലും കണ്ണൂർ ജില്ലയിലും ഓരോ Spoke പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ പാർക്കുകളുടെ വികസനം വഴി ആഗോള നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാനും ഐ.ടി. മേഖലയിലും മറ്റ് അനുബന്ധ മേഖലകളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഇൻഫോപാർക്കിന്റെ സ്ഥാപിത ലക്ഷ്യം എത്രത്തോളം നേടാനായിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (ബി) | 2004-ൽ ഇൻഫോപാർക്ക് പ്രവർത്തനം ആരംഭിച്ചത് ഐ.ടി./ഐ.ടി.ഇ.എസ് മേഖലയിൽ പാർക്ക് സ്ഥാപിക്കുന്നതിനായി KINFRA/KEPIP തുടങ്ങിയ സ്ഥാപങ്ങളിൽ നിന്നും infrastructure facility ഏറ്റെടുത്ത്, സ്ഥലം അക്വയർ ചെയ്ത് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഉദ്ദേശിച്ചുകൊണ്ടാണ്. |

| | | | |
|---|---|---|---|
| | | | 2014 ൽ മൊത്തം ഐ.ടി. കയറ്റുമതി 2350 കോടി രൂപയായിരുന്നു. കൂടാതെ 25000 പേർക്ക് പ്രത്യക്ഷമായും ഏകദേശം 80,000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കി. ഇതു കൂടാതെ മുന്നോട്ടുള്ള വികസനവും കൂടി കണക്കിലെടുത്ത് ഭാവിയിൽ ആവശ്യമായി വരുന്ന പുതിയ കെട്ടിട സമുച്ചയങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ആസൂത്രണം ചെയ്ത് നിർമ്മാണം തുടർന്നു വരുന്നു. |
| (സി) | സൈബർ പാർക്കിന്റെ ഇതേവരെയുള്ള നിക്ഷേപം എത്രയാണ് ; അത് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) | കോഴിക്കോട് സൈബർപാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ ഇതേവരെ 64.49 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സൈബർപാർക്കിന്റെ അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിൽ നാലു ചെറുകിട ഐ.ടി. കമ്പനികൾ പ്രവർത്തിച്ചു വരുന്നു. സൈബർപാർക്കിന്റെ ആദ്യ ഘട്ടത്തിലെ 2.88 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ഐ.ടി.കെട്ടിടത്തിന്റെ നിർമ്മാണം 2016 മാർച്ചിൽ പൂർത്തീകരിക്കുന്നതോടെ ഐ.ടി./ഐ.ടി.ഇ.എസ് മേഖലയിൽ കൂടുതൽ നിക്ഷേപവും പുതിയ തൊഴിലവസരങ്ങളും ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ